(ബി) ഈ പാലത്തിന്റെ നിർമ്മാണത്തോടുകൂടി ഇരുവശത്തും അപ്രോച്ച് റോഡ്, പെരുമ്പഴക്കടവ് മുതൽ പൂവംപാലം വരെയുള്ള തോടിന്റെ പായൽ മാറ്റി ആവശ്യമുള്ള സ്ഥലത്തെ ചെളി നീക്കം ചെയ്യൽ, 100 മീറ്റർ പുതിയ കൽക്കെട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആവശ്യമായ പരിശോധനകൾ നടത്തിയിട്ടുണ്ട്. നിർമ്മാണ ഘട്ടത്തിൽ ക്വാളിറ്റി കൺട്രോൾ വിംഗ് പരിശോധനകൾ നടത്തിയിരുന്നു.

(സി) പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആകെ 188,20,338 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കരാറുകാരന് 127,76,306 രൂപ 24-2-2010-ൽ നൽകിയിട്ടുണ്ട്. ബാക്കി 67,81,408 രൂപ നൽകുവാനുണ്ട്. അപ്രോച്ച് റോഡ് താഴ്ന്നു പോയതിനാൽ 67,81,408 രൂപ തടഞ്ഞുവച്ചിരിക്കുകയാണ്.

(ഡി) പാർട്ട്-ബിൽ നൽകുന്ന അവസരത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ചെയ്ത ജോലികളുടെ അളവ് എടുക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ അത് പരിശോധിച്ചതിനു ശേഷവും മാത്രമാണ് തുക നൽകിയിട്ടുള്ളത്.

(ഇ) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണികൾ തീർന്നശേഷം അപ്രോച്ച് റോഡ് താഴ്ന്നതുകാരണം വാഹനഗതാഗതം തടസ്സപ്പെട്ടു. ഗതാഗതം പുതിയ ഡീവിയേഷൻ റോഡുവഴി തിരിച്ചുവിടുകയും അപ്രോച്ച് റോഡ് താഴ്ന്നതിന്റെ കാരണം പഠിക്കാൻ എൽ.ബി.എസിനെ ഏൽപ്പിക്കുകയും ചെയ്തു. അതിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ അപ്രോച്ച് റോഡ് ബലപ്പെടുത്തുന്ന പണികൾ നടത്തുന്നതാണ്.

(എഫ്) എൽ.ബി.എസ്. സെന്ററിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇതിന് വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(ജി) റോഡ് താഴ്ന്നതിന്റെ വിശദമായ പഠനം നടത്തുന്നതിന് എൽ.ബി.എസിനെ ഏൽപ്പിച്ചിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ടശ്ശാം കടവ് ബോട്ടുജെട്ടി

109 (1837) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ് ബോട്ടുജെട്ടി നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റ്സ് ആണ് തയ്യാറാക്കിയത് ;

(ബി) ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നറിയിക്കാമോ ;

(ഡി) നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

(ബി) ഇതുവരെ 26,96,760 രൂപ ചെലവഴിച്ചു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ഡി) 28-2-2011-ൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

കാരാപ്പുഴ ജലസേചന പദ്ധതിക്ക് ഇൻസ്പെക്ഷൻ ബോട്ട്

110 (1838) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതി പ്രദേശത്ത് വ്യാജവാറ്റ്, മണൽവാരൽ, പദ്ധതി ഭൂമിയിലെ മരങ്ങൾ മുറിച്ചു കടത്തൽ തുടങ്ങിയ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്നും പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ;

(ഇ) കാരാപ്പുഴ റിസർവോയറിൽ അപകടങ്ങൾ ഉണ്ടാകുന്നത് നിത്യ സംഭവമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അപകടങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിനായി കാരാപ്പുഴ പദ്ധതിക്ക് ഒരു ഇൻസ്പെക്ഷൻ ബോട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിശദാംശങ്ങൾ ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(എഫ്) ബോട്ട് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

പീലാർമുഴി എൽ.ഐ.സ്കീം

111 (1839) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പീലാർമുഴി എൽ.ഐ. സ്കീമിന് അനുമതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്ക് നബാർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ പദ്ധതിക്കാണ് നബാർഡിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly